## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3672 — 24.06.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതിയുടെ പ്രതിമാസ ഉല്പാദനവും ഉപഭോഗവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ പ്രതിമാസ ശരാശരി വൈദ്യുതി ഉത്പാദനത്തിന്റെ അളവ് വ്യക്തമാക്കുമോ ; 2012, 2013 വർഷങ്ങളിലെ ഉത്പാദനത്തിന്റെ അളവ് വേർതിരിച്ച് ലഭ്യമാക്കുമോ ;

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്തെ പ്രതിമാസ ശരാശരി ഉൽപ്പാദനം 847.262 ദശലക്ഷം യൂണിറ്റാണ്. 2012, 2013 വർഷങ്ങളിലെ ഉൽപ്പാദനത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്രോതസ്സ് | 2012 ഉൽപ്പാദനം ദശലക്ഷം യൂണിറ്റ് | 2013 ഉൽപ്പാദനം ദശലക്ഷം യൂണിറ്റ് |
|---|---|---|
| ജലവൈദ്യുതി (KSEBL) | 5813.04 | 7070.20 |
| താപം (KSEBL) | 464.92 | 329.16 |
| കാറ്റ് (KSEBL) | 1.76 | 1.74 |
| താപം (IPP) | 1311.81 | 974.86 |
| ജലവൈദ്യുതി (IPP + CPP) | 85.22 | 132.11 |
| കാറ്റ് (IPP) | 69.28 | 65.92 |
| മൊത്തം | 7746.03 | 8573.99 |

(ബി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും അന്യസംസ്ഥാനങ്ങൾക്ക് വൈദ്യുതി വില്പന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ ബോർഡിന് എത്ര വരുമാനം ലഭിച്ചിട്ടുണ്ട് ;

(ബി) 2013 ഒക്ടോബർ മാസത്തിൽ കേരളത്തിൽ അധികമായി ഉണ്ടായിരുന്ന വൈദ്യുതിയും, പിന്നീട് 2013 ഡിസംബർ 28 മുതൽ 2014 മെയ് 31 വരെയുള്ള കാലയളവിൽ കേരളത്തിൽ സ്ഥിതി ചെയ്യുന്ന ദ്രവ ഇന്ധന താപ വൈദ്യുത നിലയങ്ങളായ RGCCPP കായംകുളം, BKPL ഉദ്യോഗമണ്ഡൽ, KPCL കാസർകോഡ് എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും

എന്നാൽ ഇന്ധനവില കൂടുതൽ ആയതിനാൽ കേരളത്തിന്റെ ആഭ്യന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്തതുമായ വൈദ്യുതിയും അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ ആവശ്യത്തിനായി TANGEDCO-ക്ക് വിറ്റിട്ടുണ്ട്. ഇപ്രകാരം പ്രതിമാസം വിറ്റ യൂണിറ്റും, വൈദ്യുത വിലയും (ആനുപാതിക ഫിക്സഡ് ചാർജ്ജും ഇന്ധന വിലയും) ഉള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രസ്തുത കാലയളവിൽ പവർ എക്സ്ചേഞ്ച് വഴി നടത്തിയ വൈദ്യുതി വിൽപ്പനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2012 – 0.996 ദശലക്ഷം യൂണിറ്റ് | 1,26,15,379 രൂപ |
| 2013 – 332.062 ദശലക്ഷം യൂണിറ്റ് | 1,11,01,18,388 രൂപ |

പവർ എക്സ്ചേഞ്ച് വഴി വിറ്റ വൈദ്യുതി ഏത് സംസ്ഥാനങ്ങൾക്കാണ് പോയതെന്ന് അറിയാൻ കഴിയുകയില്ല.

(സി) സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ വൈദ്യുതി ഉപഭോഗം എത്രയെന്ന് വ്യക്തമാക്കുമോ ; ഇതിൽ ഗാർഹികം, വ്യാപാരം, എന്നിവ സംബന്ധിച്ച കണക്ക് വേർതിരിച്ച് വ്യക്തമാക്കുമോ ?

(സി) സംസ്ഥാനത്തിന്റെ 2014-15 വർഷത്തിലേക്ക് പ്രതീക്ഷിക്കുന്ന ശരാശരി പ്രതിമാസ വൈദ്യുത ഉപഭോഗം 1541.2 ദശലക്ഷം യൂണിറ്റ് ആണ്. ഇതിൽ ഗാർഹികം 778 ദശലക്ഷം യൂണിറ്റും വ്യാപാരം 351 ദശലക്ഷം യൂണിറ്റും ആണ്.

സെക്ഷൻ ഓഫീസർ.

ശരിപ്പകർപ്പ്

U.O. ID. No. 3672

**Sale from IPPs ~~(Dec 13 to May 14)~~ (October 2013)**

| Month | Units MU | Fixed cost Rs | Variable cost Rs | Total in Rs |
|---|---|---|---|---|
| October 2013 | 171.72 | | | 747504066 |

**Sale from IPPs (Dec 13 to May 14)**

| Month | Units MU | Fixed cost Rs | Variable cost Rs | Total in Rs |
|---|---|---|---|---|
| December 2013 | 39.24 | 30255194 | 506833363 | 537088557 |
| January 2014 | 287.74 | 218149880 | 3876372408 | 4094522288 |
| February 2014 | 282.97 | 215106965 | 3654635441 | 3869742406 |
| March 2014 | 301.61 | 228874971 | 3886426142 | 4115301113 |
| April 2014 | 300.61 | 227916900 | 3866924540 | 4094841440 |
| May 2014 | 57.48 | 44535775 | 741310762 | 785846537 |

**SALE from KDPP (April 2014)**

| Month | Units MU | Fixed cost Rs | Variable cost Rs | Total in Rs |
|---|---|---|---|---|
| April 2014 (17.04.2014 to 24.04.2014) | 11.07776 | 11742426 | 125754732 | **137497157** |

(signature)

[illegible]